# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം
## (ചോദ്യോത്തരങ്ങൾ ഒഴികെ)

2007 ജൂലായ് 17, ചൊവ്വ

നിയമസഭ രാവിലെ 8.30- ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**മി. സ്പീക്കർ:** ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള ബഹൂമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നൽകിയിട്ടുള്ള നോട്ടീസിൽ വിഷയം പ്രത്യേകിച്ചൊന്നും പറഞ്ഞിട്ടില്ല. അതുകൊണ്ട് റൂൾ 50 അനുസരിച്ച് അടിയന്തിര പ്രമേയമായി അത് അനുവദിക്കാൻ കഴിയില്ല.

**പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി):** ഇന്ന് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് എഴുതി തന്നിട്ടുള്ളത്. ഗവൺമെന്റിന്റെ തെറ്റുകളും അഴിമതികളും ചൂണ്ടിക്കാണിക്കുന്നവരേയും വിമർശിക്കുന്നവരേയും ഗവൺമെന്റ് മെഷിനറി ഉപയോഗിച്ച് അടിച്ചമർത്തുന്ന ഹീനമായ മാർഗ്ഗത്തെ സംബന്ധിച്ച് ഉന്നയിക്കുന്നതിനാണ് നോട്ടീസ് തന്നിരിക്കുന്നത്. അതുകൊണ്ട് അത് സബ്മിഷനായിട്ടെങ്കിലും സഭയിൽ ഉന്നയിക്കുന്നതിനും ഗവൺമെന്റിൽ നിന്നും മറുപടി കിട്ടുന്നതിനും ആഗ്രഹിക്കുന്നു.

**മി. സ്പീക്കർ**: ഒരു പ്രത്യേക വിഷയമായി എഴുതിത്തന്നാൽ പരിഗണിക്കാം.

**പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി)**: ഗവൺമെന്റിനെ എതിർക്കുന്നവരെ തകർക്കുന്ന സമീപനം ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകാത്ത സാഹചര്യത്തിൽ വാക്കൗട്ട് നടത്തുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽ നിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) വ്യാജ പട്ടയങ്ങളും റിയൽ എസ്റ്റേറ്റ് മാഫിയയുടെ പ്രവർത്തനവും

**ശ്രീ. പി.സി. ജോർജ്**: വ്യാജ പട്ടയങ്ങൾമൂലവും റിയൽ എസ്റ്റേറ്റ് മാഫിയയുടെ പ്രവർത്തനങ്ങൾമൂലവും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി സർക്കാർ സ്ഥലങ്ങളിൽ ധാരാളം അനധികൃത കയ്യേറ്റങ്ങൾ നടക്കുന്നുണ്ട്. പീരുമേട് നിയോജകമണ്ഡലത്തിൽ 350 ഏക്കർ സ്ഥലം ഇങ്ങനെ കയ്യേറിയിട്ടുണ്ട്. ഇൻഡോ സ്വിസ് പ്രോജക്ടിന് കൊടുത്ത 12,000-ത്തിൽ ചില്വാനം ഏക്കർ സ്ഥലം ഇപ്പോൾ അവരുടെ കൈവശമില്ല. എറണാകുളത്തെ മരട് പഞ്ചായത്തിൽ ഒരു വ്യക്തി പല പേരുകളിലായി 360 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. സ്ഥലം വാങ്ങുന്നതിന് യു,ടി.ഐ. ബാങ്കിൽ നിന്ന് 1000 കോടി രൂപയുടെ ഡ്രാഫ്റ്റ് കൊടുത്തിരിക്കുന്നു. അവർക്ക് എവിടെ നിന്ന് ഈ പണം കിട്ടിയെന്നത് ദുരൂഹമാണ്. വാങ്ങിയതിൽ വളന്തക്കാട്

പ്രദേശത്തെ 19 ഏക്കർ സർക്കാർ ഭൂമിയും ഉൾപ്പെടുന്നു. അനധികൃതമായി സർക്കാർ ഭൂമി കയ്യേറുന്നവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കണം.

**റവന്യൂ വകുപ്പുമന്ത്രി** **(ശ്രീ. കെ.പി. രാജേന്ദ്രൻ):** സംസ്ഥാനത്ത് ഏറ്റവും വിലപിടിപ്പുള്ളതും ദുർലഭവുമായ വസ്തു ഭൂമിയാണ്. പുറമ്പോക്ക് ഭൂമി, പാട്ടത്തിന് നൽകിയിട്ടുള്ള റവന്യൂ ഭൂമി, ബോട്ട്-ഇൻ-ലാന്റ് (റവന്യൂ റിക്കവറി നിയമപ്രകാരമുള്ളവ), മിച്ച ഭൂമി, ഉപയുക്തമാക്കാത്ത പൊന്നുംവിലയ്ക്കെടുത്ത ഭൂമി, അന്യാധീനപ്പെട്ട ഭൂമി എന്നിങ്ങനെ വിവിധ തരത്തിലുള്ള ഭൂമി സർക്കാരിന്റെ കൈവശത്തിലുണ്ട്. ഇതിൽ കുറേ തരിശ്ശായി കിടക്കുന്നു. കുറേ ഭൂമി വ്യക്തികൾക്കോ സംഘടനകൾക്കോ പാട്ടത്തിന് നൽകിയിരിക്കുന്നു. ഇനിയും കുറേ ഭൂമി അനധികൃതമായി കയ്യേറി പലരും കൈവശം വച്ചിരിക്കുന്നു. അനുദിനം വിലയേറിക്കൊണ്ടിരിക്കുന്ന ഭൂമി സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സർക്കാരിൽ നിക്ഷിപ്തമാണ്.

സംസ്ഥാനമൊട്ടാകെ താലൂക്കടിസ്ഥാനത്തിൽ ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ച് അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത് തുടരുകയാണ്. മൂന്നാറിലേയും വാഗമണ്ണിലേയും പ്രത്യേക സംഘങ്ങൾ ഈ ദൗത്യം സജീവമായി ഏറ്റെടുത്തുവരുന്നു. സംസ്ഥാനമെമ്പാടും അനധികൃതമായി നിർമ്മിച്ച 432 കെട്ടിടങ്ങൾ പൂർണ്ണമായും 459 കെട്ടിടങ്ങൾ ഭാഗികമായും പൊളിച്ച് നീക്കിയിട്ടുണ്ട്. സംസ്ഥാനത്തെ അനധികൃത കയ്യേറ്റങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും തടയുന്നതിൽ ഒരു വിട്ടുവീഴ്ചയ്ക്കും ഈ സർക്കാർ തയ്യാറല്ല. വ്യാജ പട്ടയങ്ങളും കള്ള ആധാരങ്ങളും റദ്ദാക്കുവാനും ഇത്തരം കൃത്രിമ രേഖകൾ സൃഷ്ടിക്കുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടുവന്ന് മാതൃകാപരമായി ശിക്ഷിക്കുവാനും സർക്കാർ ശക്തമായ നടപടി

സ്വീകരിച്ചുവരുന്നു. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും മറ്റും പ്രത്യേകാവശ്യങ്ങൾക്ക് പാട്ടത്തിനു നൽകിയിട്ടുള്ള നിരവധി ഏക്കർ ഭൂമിയുണ്ട്. പാട്ടത്തുക അടയ്ക്കാത്തതും പാട്ടവ്യവസ്ഥ ലംഘിക്കുന്നതുമായ അസംഖ്യം കേസുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാട്ടക്കുടിശ്ശികയിനത്തിൽ 57 കോടി 47 ലക്ഷം രൂപ പിരിഞ്ഞുകിട്ടാനുണ്ട്. 32 കോടി 89 ലക്ഷം രൂപയ്ക്ക് കോടതി/സർക്കാർ സ്റ്റേ നിലവിലുണ്ട്. ഈ സാമ്പത്തിക വർഷം ഇതുവരെ 16.07 ലക്ഷം രൂപ പിരിച്ചെടുത്തിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 377 ക്ലബ്ബുകൾക്ക് ഭൂമി കുത്തകപ്പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം ഇവരുടെ പാട്ടക്കുടിശ്ശിക 10 കോടി 77 ലക്ഷം രൂപയാണ്. പാട്ടവ്യവസ്ഥകൾ ലംഘിക്കുകയും കുടിശ്ശിക വരുത്തുകയും ചെയ്ത എല്ലാ കേസ്സുകളിലും 31-08-2007-ന് മുമ്പ് പുതുക്കേണ്ടവ പുതുക്കുന്നതിനോ തിരിച്ചെടുക്കേണ്ടവ തിരിച്ചെടുക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർക്കും കിടപ്പാടമില്ലാത്തവർക്കും ഒരു തുണ്ട് ഭൂമിയും ഒരു കൊച്ചു വീടും എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കുവാനുള്ള തീവ്രശ്രമത്തിലാണ് ഗവൺമെന്റ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 21,604 പട്ടയങ്ങളും 1947 കൈവശരേഖയും നൽകിയിട്ടുണ്ട്. ആദിവാസികൾക്കുള്ള കൈവശരേഖാ വിതരണം കോട്ടയം, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ അർഹരാണെന്ന് കണ്ടെത്തിയിട്ടുള്ള 7562 കേസ്സുകളിൽ 2 മാസത്തിനകം കൈവശരേഖാ വിതരണം പൂർത്തിയാക്കും. റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തി ചെറുകിട

കൃഷിക്കാർക്ക് പട്ടയം നൽകുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിച്ചുവരുന്നു. സംസ്ഥാനത്തുയർന്നു വരുന്ന റിയൽ എസ്റ്റേറ്റ് മാഫിയായെയും നൂറുകണക്കിന് ഏക്കർ ഭൂമി വാങ്ങിക്കൂട്ടുന്നതുൾപ്പെടെയുള്ള സംഘങ്ങളേയും നിയന്ത്രിക്കുവാൻ വിജിലൻസ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തും. നിലവിലുള്ള സംവിധാനങ്ങൾക്കു പുറമെ വേണ്ടിവന്നാൽ നിയമനിർമ്മാണമുൾപ്പെടെയുള്ള കാര്യങ്ങളും സർക്കാർ ആലോചിക്കുന്നുണ്ട്. ഭൂമിയുടെ വിനിയോഗത്തിനും പരിപാലനത്തിനും യുക്തമായ ഒരു നയം രൂപീകരിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ കടമയാണ്. സംസ്ഥാനത്ത് ഒരു ലാന്റ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുക, യുക്തിസഹവും ന്യായയുക്തവുമായ രീതിയിൽ സർക്കാർ ഭൂമി വിനിയോഗം ഉറപ്പുവരുത്തുക, അശാസ്ത്രീയമായ ഭൂവിനിയോഗ രീതികൾ തടയുക, ഭൂമിയിൽ നിന്നുള്ള റവന്യൂ വരുമാനം പരമാവധി വർദ്ധിപ്പിക്കുക എന്നിവയ്ക്കൊക്കെ ചില പദ്ധതികൾ വിഭാവനം ചെയ്യാനുദ്ദേശിക്കുന്നു.

## (2) സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എസ്.സി/എസ്.ടി വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

**ശ്രീ. എ.പി. അനിൽകുമാർ**: സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള അഡ്മിഷനേയും ഫീസിനെയും സംബന്ധിച്ച് ഇന്ന് നിലനിൽക്കുന്ന അനിശ്ചിതാവസ്ഥ ഏറ്റവും കൂടുതൽ ബാധിക്കുന്നത് എസ്.സി/എസ്.ടി, ഒ.ഇ.സി. വിദ്യാർത്ഥികളെയാണ്. സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉന്നത വിദ്യാഭ്യാസമേഖലയിൽ കടന്നുവന്നതോടുകൂടി എം.ബി.ബി.എസ്., എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള കോഴ്സുകളിൽ

പഠിക്കുവാനുള്ള അവസരം പാവപ്പെട്ട എസ്.സി/എസ്.ടി, ഒ.ഇ.സി., മറ്റർഹ വിദ്യാർത്ഥികൾക്ക് ലഭിച്ചു എന്നത് എടുത്തുപറയത്തക്ക നേട്ടമാണ്. ഫീസ് ഘടന പരിഷ്ക്കരിച്ചുകൊണ്ട് ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിൽ പറഞ്ഞിരിക്കുന്നത്, പാവപ്പെട്ട എസ്.സി/എസ്.ടി, ഒ.ഇ.സി., മറ്റർഹ വിദ്യാർത്ഥികൾക്ക് ഇന്ററസ്റ്റ് ഫ്രീ റീഫണ്ടബിൾ ഡെപ്പോസിന്റെ ആവശ്യമില്ലെന്നാണ്. പക്ഷേ സ്വാശ്രയ മാനേജുമെന്റുകൾക്ക് ആ തീരുമാനം അംഗീകരിക്കാനാവില്ലെന്നാണ് പറയുന്നത്. അതിന്മേൽ എത്രയും വേഗം ഒരു തീരുമാനമുണ്ടാകണം. ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഫീസിളവുകളും ലംപ്സംഗ്രാന്റ് ആനുകൂല്യങ്ങളും നൽകുന്നതോടൊപ്പം ഡെപ്പോസിറ്റ് നൽകുന്നതിനാവശ്യമായ പണം എസ്.സി/എസ്.ടി കോർപ്പറേഷൻ വഴിയോ ബി.സി.ഡി.സി. വഴിയോ പലിശരഹിത വായ്പയായി അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഉയർന്ന ഫീസ് കൊടുത്ത് പഠിക്കാൻ കഴിയാത്ത മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന വിദ്യാർത്ഥികൾക്കും ഇത്തരം ആനുകൂല്യം ലഭിക്കുന്നതിനായി ബാങ്കുകളുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** <u>(ശ്രീ. എ.കെ. **ബാലൻ**):</u> 2007-08 അദ്ധ്യയന വർഷം ഉന്നതവിദ്യാഭ്യാസ മേഖലയിലെ . സ്വാശ്രയസ്ഥാപനങ്ങളിലെ പ്രവേശനം സംബന്ധിച്ച് വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മാനേജുമെന്റുകൾക്ക് ഇഷ്ടമുള്ള ഫീസ് നിശ്ചയിക്കാൻ കഴിയും. എന്നാൽ സർക്കാർ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ജസ്റ്റിസ് കെ.ടി. തോമസ് കമ്മിഷൻ ശുപാർശ ചെയ്തതിനെക്കാൾ വളരെ കുറഞ്ഞ നിരക്കിൽ

ഫീസ് നിശ്ചയിക്കാനും അവർക്കായി പലിശരഹിത ഡെപ്പോസിറ്റ് നിശ്ചയിക്കാനും കഴിഞ്ഞു. തിരുവനന്തപുരം എസ്.യു.ടി. കോളേജ് ഓഫ് മെഡിസിൻ, അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം എന്നീ കോളേജുകൾക്ക് എം.ബി.ബി.എസ്. ന് ഒന്നര ലക്ഷം രൂപ ഡെപ്പോസിറ്റായി നിശ്ചയിച്ചുകൊണ്ട് ഉത്തരവിറക്കാൻ ഗവൺമെന്റിനു കഴിഞ്ഞു. കൊച്ചി സഹകരണ സ്വാശ്രയ മെഡിക്കൽ കോളേജിലേയ്ക്കും 21 സർക്കാർ നിയന്ത്രിത സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലേയ്ക്കുമുള്ള പ്രവേശനത്തിന് ഡെപ്പോസിറ്റ് നൽകേണ്ടതില്ല എന്ന നിലപാട് എടുപ്പിക്കാനും ഗവൺമെന്റിനു കഴിഞ്ഞു.. 9-7-2007-ലെ ഗവൺമെന്റ് ഉത്തരവു പ്രകാരം 50 ശതമാനം മെറിറ്റ്/റിസർവേഷൻ സീറ്റിൽ അഡ്മിഷൻ ലഭിക്കുന്ന എസ്.സി/എസ്.ടി, ഒ.ഇ.സി., മറ്റർഹ വിദ്യാർത്ഥികൾ അതാതു കോഴ്സുകൾക്ക് നിഷ്ക്കർഷിച്ച ഫീസും തിരിച്ചു നൽകേണ്ടുന്ന ഡെപ്പോസിറ്റും നൽകേണ്ടതായിട്ടുണ്ട്. ഇതു പ്രകാരം എം.ബി.ബി.എസ്. കോഴ്സുകൾക്ക് രണ്ടര ലക്ഷം രൂപയും എൻജിനീയറിംഗ് കോഴ്സുകൾക്ക് ഒന്നര ലക്ഷം രൂപയും ഡെപ്പോസിറ്റായി നൽകണം. ഇത്ര ഉയർന്ന ഫീസ് കൊടുത്ത് പഠിക്കാൻ എല്ലാ കുട്ടികൾക്കും കഴിയാത്ത സാഹചര്യം നിലവിലുണ്ടെന്നു മനസ്സിലാക്കിയതുകൊണ്ട് വിദ്യാഭ്യാസ വകുപ്പിലേയും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിലേയും ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം 16-7-2007- നു വിളിച്ചുകൂട്ടി ചില തീരുമാനങ്ങളെടുക്കുകയുണ്ടായി. സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റിലും റിസർവേഷനിലും അഡ്മിഷൻ ലഭിക്കുന്ന എസ്.സി/എസ്.ടി, ഒ.ഇ.സി., മറ്റർഹ വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കും. തിരിച്ചുനൽകുന്ന ഡെപ്പോസിറ്റ് തുക

വായ്പയായി ധനകാര്യസ്ഥാപനങ്ങൾ നൽകുന്നതും അതിനു വിദ്യാർത്ഥികൾ കൊടുക്കേണ്ടതായ പലിശ സർക്കാർ വഹിക്കുന്നതുമാണ്. ഈ സ്ഥാപനങ്ങളിൽ എൻട്രൻസ് കമ്മിഷണറുടെ ലിസ്റ്റിൽ നിന്നും അഡ്മിഷൻ ലഭിക്കുന്ന എസ്.സി/എസ്.ടി, ഒ.ഇ.സി., മറ്റർഹ വിദ്യാർത്ഥികൾക്ക് വേണ്ടി പ്രത്യേക കൗൺസിലിംഗ് നടത്താനും അവരുടെ ഡെപ്പോസിറ്റ് തുക ലഭ്യമാക്കുന്നതു സംബന്ധിച്ച് വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് അഡ്മിഷൻ സമയത്തു തന്നെ ഡെപ്പോസിറ്റ് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും വിദ്യാർത്ഥികളുടെ പ്രവേശനം ഉറപ്പു വരുത്തുന്നതും ഇതു സംബന്ധിച്ച് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി):** സർക്കാരുമായി സമവായത്തിൽ എത്തിയ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾ നൽകുന്ന പലിശരഹിത ഡെപ്പോസിറ്റ് തിരിച്ചുനൽകുന്നതാണ്. വിദ്യാർത്ഥികൾക്ക് അവ യഥാസമയം ലഭ്യമാക്കുന്നതിനുവേണ്ടി ലീഡ് ബാങ്കുൾപ്പെടെയുള്ള ബാങ്കുകളുടെ സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വായ്പയെടുക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ ഡിഫാൾട്ടർമാരാണെങ്കിൽക്കൂടി വായ്പ അനുവദിക്കാമെന്ന് ബാങ്കുകൾ സമ്മതിച്ചിട്ടുണ്ട്. പ്രൊഫഷണൽ രംഗത്ത് നിർദ്ധനരായ കുട്ടികൾക്ക് കടന്നുവരാൻവേണ്ടി സർക്കാരിനാൽ സാദ്ധ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്തു കൊടുക്കും.

**<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>**: അടിയന്തിര പ്രമേയമായി കൊണ്ടുവന്ന വിഷയം സബ്മിഷനായി ഉന്നയിക്കാൻ അവസരം തരാമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ സമ്മതിച്ചതാണ്. അത് ആദ്യത്തെ സബ്മിഷനായി അവതരിപ്പിക്കാൻ അനുവദിക്കണം.

**<u>മി. സ്പീക്കർ</u>**: ചെയറിന്റെ തീരുമാനം അംഗീകരിക്കാതെയാണ് പ്രതിപക്ഷം വാക്കൗട്ട് നടത്തിയത്.

കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന ആളുകളുടെ ഒരുപാട് പ്രശ്നങ്ങൾ സബ്മിഷനായി ഉന്നയിക്കാൻ അംഗങ്ങൾ എഴുതിത്തന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ കാര്യവിവരപ്പട്ടികയിലെ മറ്റിനങ്ങളിലേയ്ക്ക് ബഹുമാനപ്പെട്ട സ്പീക്കർ കടന്നു.)

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കേരളത്തിൽ കാലവർഷക്കെടുതിയും പ്രകൃതിക്ഷോഭവുംമൂലം നിരവധിപേർ മരണപ്പെട്ടത് സംബന്ധിച്ച് ചട്ടം 300 അനുസരിച്ച് റവന്യു വകുപ്പുമന്ത്രി പ്രസ്താവന നടത്തി.

## ധനകാര്യം

### <u>2007-2008 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

**വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം)</u>**: താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII – വ്യവസായങ്ങൾ
(146,73,17,000 രൂപ)

**നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി** **(ശ്രീ. എം. വിജയകുമാർ)**: താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XL – തുറമുഖങ്ങൾ
(27,84,02,000 രൂപ)

**റവന്യൂ വകുപ്പുമന്ത്രി** **(ശ്രീ. കെ.പി. രാജേന്ദ്രൻ)**: പ്രമേയങ്ങളെ പിന്താങ്ങുന്നു.

**ധനകാര്യ വകുപ്പുമന്ത്രി** **(ഡോ. തോമസ് ഐസക്)**: നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ച് വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

**വ്യവസായ വകുപ്പുമന്ത്രി** **(ശ്രീ. എളമരം കരീം)**: ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി** **(ശ്രീ. എം. വിജയകുമാർ)**: ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 10.20-ന് പിരിഞ്ഞു.

***********